**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1051** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന ഏതെല്ലാം പ്രദേശങ്ങളിലാണ് കാട്ടാന ഇറങ്ങി കൃഷി നശിപ്പിച്ചതെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ; | (എ) | തൃശ്ശൂർ സെൻട്രൽ സർക്കിളിനു കീഴിലെ തൃശ്ശൂർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പാഞ്ഞാൾ, മുള്ളൂർക്കര എന്നീ പഞ്ചായത്തുകളുടെ അതിർത്തി മേഖലകളായ ആറ്റൂർ, പാറപ്പുറം മേഖലകളിലും, വാഴക്കോട് ഭാഗത്തുമാണ് കാട്ടാനകളുടെ സാന്നിദ്ധ്യം ഉണ്ടാവാറുള്ളത്. തൃശ്ശൂർ -ഷൊർണ്ണൂർ, തൃശ്ശൂർ മായന്നൂർ റോഡ് മുറിച്ച് കടന്നാണ് ആനകൾ എത്താറുള്ളത്. മേൽപ്പറഞ്ഞ പഞ്ചായത്തുകളിലാണ് ഇത്തരത്തിൽ ആനകൾ കടന്നുകയറുന്നത് മൂലം കാർഷിക നഷ്ടം സംഭവിക്കുന്നത്. |
| (ബി) | ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി 11.07.2025ന് ചേലക്കര പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ എം.എൽ.എ.യുടെ നേതൃത്വത്തിൽ തൃശ്ശൂർ ഡി.എഫ്.ഒ., മാച്ചാട് റേയ്ഞ്ച് ഓഫീസർ തുടങ്ങിയ വനംവകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ ഇതിനകം വനംവകുപ്പ് നടപ്പാക്കിയോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | (ബി) | 11.07.2025-ൽ ചേർന്ന യോഗത്തിലെ പ്രധാന തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ച് അകമല കേന്ദ്രീകരിച്ച് പുതിയ RRT രൂപീകരിച്ച്, സ്ഥിരമായ പട്രോളിങ്ങ് ആരംഭിക്കുന്നതിനും മണ്ണാത്തിപ്പാറ മുതൽ തലമുറിയൻകുളമ്പ് വരെ 9 കി.മീ. ദൂരത്തിൽ ഫെൻസിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിനും മച്ചാട് റെയ്ഞ്ചിലെ പഴയന്നൂർ, ചേലക്കര, മുള്ളൂർക്കര, പാഞ്ഞാൾ എന്നീ പഞ്ചായത്തുകളിലുൾപ്പെട്ട 15 വാർഡുകളിൽ പ്രാഥമിക സന്നദ്ധ പ്രതികരണ സേന (PRT) രൂപീകരിക്കുന്നതിനും രൂപീകരിച്ച PRT യിലെ അംഗങ്ങൾക്ക് ഏകദിന പരിശീലനം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഏതെല്ലാം തീരുമാനങ്ങളാണ് ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | തിരുമണി മുതൽ തലമുറിയൻകുളമ്പ് വരെ ശേഷിക്കുന്ന ഏകദേശം 20 കി.മീ. സോളാർ ഫെൻസിംഗ് പൂർത്തീകരിക്കേണ്ടതുണ്ട്. ഫെൻസിംഗ് പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള കാലാവധി അവസാനിച്ചതിനാൽ കരാർ പുതുക്കിയതിനുശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. കരാർ പുതുക്കുന്നതിന് ആവശ്യമായ അടിയന്തരനടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. ഫെൻസിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ പ്രസ്തുത സ്ഥലത്ത് Beneficiary Committee -കൾ രൂപീകരിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ